പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 249 **12-10-2026-ൽ മറുപടിയ്ക്ക്**

പ്ലാസ്റ്റിക്ക് കവറുകളിലും പാത്രങ്ങളിലും ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതും വിൽക്കുന്നതും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കടകളിൽ ചൂടുള്ള ഭക്ഷണ പദാർത്ഥങ്ങൾ പ്ലാസ്റ്റിക് കവറുകളിലും പാത്രങ്ങളിലും സൂക്ഷിക്കുന്നതും വിൽക്കുന്നതും ഭക്ഷ്യ സുരക്ഷാ നിയമങ്ങളുടെ ലംഘനങ്ങളുടെ പരിധിയിൽ വരുന്നതിനാൽ ഇവ തടയുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

മറുപടി: Food Safety and Standards (Packaging) Regulation 2018 പ്രകാരം ഭക്ഷണപദാർത്ഥങ്ങൾ pack ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

FSS (Packaging) regulation 2018 ഷെഡ്യൂൾ III ൽ ഭക്ഷ്യവസ്തുക്കളുമായി സമ്പർക്കത്തിൽ വരുന്ന പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ സ്റ്റാൻഡേർഡ് നിശ്ചയിച്ചിട്ടുണ്ട്. എല്ലാ പ്ലാസ്റ്റിക് പാക്കേജിങ് മെറ്റീരിയലുകളും നിശ്ചയിച്ചിട്ടുള്ള over all migration limit pass പാസ് ആകേണ്ടതുണ്ട്.

കടകളിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകൾ, കണ്ടൈനറുകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ പരിശോധനകൾ ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിവരുന്നു. കൂടാതെ എല്ലാതരം പാക്കേജിങ് മെറ്റീരിയലുകളുടെയും സാമ്പിളുകൾ ശേഖരിച്ച് NABL accredited ലാബിൽ പരിശോധനയ്ക്കായി അയക്കുകയും ചെയ്യുന്നു.

(ബി) ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതിന് അനുയോജ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പൊതുജനാരോഗ്യത്തിലുണ്ടാക്കുന്ന ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുന്നതിനും വ്യാപാരികൾക്ക് സുരക്ഷിതമായ ബദൽ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിനും സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

മറുപടി: ഭക്ഷ്യവസ്തുക്കളുമായി സമ്പർക്കത്തിൽ വരുന്ന പ്ലാസ്റ്റിക്കിനെ കുറിച്ച് ഭക്ഷ്യസംരംഭകർക്ക് കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനും എല്ലാ FoSTaC ട്രെയിനിങ്ങുകളിലും ഈ വിഷയത്തെക്കുറിച്ച് ക്ലാസുകൾ നൽകുന്നു. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വകുപ്പിന്റെ സോഷ്യൽ മീഡിയ handles മുഖേന ഇത്തരം ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ